## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ. HARITHA V KUMAR IAS)

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I – സ്ഥലംമാറ്റം, ഉദ്യോഗക്കയറ്റം എന്നിവ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 03.10.2025 ലെ 3821 നം ഗസറ്റ് വിജ്ഞാപനം

2. സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിലെ ജീവനക്കാരന്റെ സ്ഥലംമാറ്റ അപേക്ഷ.

<u>ഉത്തരവ് നം:DWCD/6687/2025-E9</u> <u>തീയതി: 22-12-2025</u>

വനിത ശിശുവികസന വകുപ്പിന് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 11 ഗ്രേഡ് I ക്ഷേമ സ്ഥാപനങ്ങളിലുമായി നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനായിട്ടുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ചുവടെ പറയുന്ന ജീവനക്കാരൻ 2025 ലെ പൊതുസ്ഥലമാറ്റ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമാറ്റം അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ചിൽഡ്രൻസ് ഹോമിലെ സൂപ്രണ്ട് തസ്തിക ഒഴിച്ചിടുന്നത് ഹോമിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുമെന്നതിനാലും ചിൽഡ്രൻസ് ഹോമുകളിൽ ബഹു. കേരള ഹൈക്കോടതി ജുവനൈൽ ജസ്റ്റിസ് കമ്മറ്റിയുടെ പ്രത്യേക നിരീക്ഷണമുള്ളതിനാലും പൊതുസ്ഥലമാറ്റ വേളയിൽ ടി ജീവനക്കാരന്റെ അപേക്ഷ പരിഗണിച്ചിരുന്നില്ല. നിലവിലെ ഒഴിവുകളിലേയ്ക്കുള്ള ഉദ്യോഗക്കയറ്റത്തിന് പരാമർശം (1) പ്രകാരം ജീവനക്കാർ അർഹരായിട്ടുള്ള സാഹചര്യത്തിൽ പരാമർശം (2) പ്രകാരം സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ച ജീവനക്കാരന് ചുവടെ പറയുന്ന കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

<u>സ്ഥലംമാറ്റം</u>

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിൽ സേവനമനുഷ്ഠിച്ച് വരുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 2. | ശ്രീ സൈദലവി എ (PEN- 214016) | ഗവ. ചിൽഡ്രൻസ് ഹോം (ബോയ്സ്) തൃശ്ശൂർ | ഗവ.ആഫ്റ്റർ കെയർ ഹോം (ബോയ്സ്) കണ്ണൂർ |

സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിലെ നിലവിലെ രണ്ട് ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള സെലക്ട് ലിസ്റ്റിന്റെ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിലെ ഒഴിവുകളിലേയ്ക്കും ലോവർ ഡി.പി.സി തയ്യാറാക്കിയ സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച പരാമർശം (1) ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ രണ്ട് ജീവനക്കാരും ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

പ്രസ്തുത സാഹചര്യത്തിൽ നിലവിലുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്നുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് 50200-105300 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഉദ്യോഗക്കയറ്റം</u>

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിലെ കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|---|
| 1. | ശ്രീ ഷാനവാസ് കെ.പി (PEN- 212941) | ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്) കോഴിക്കോട് | ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്) തൃശ്ശൂർ |
| 2. | ശ്രീ നവാബ് എ (PEN- 417760) | ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്) കൊല്ലം | ഗവ ചിൽഡ്രൻസ് ഹോം (ബോയ്സ്) & സ്പെഷ്യൽ ഹോം, തിരുവനന്തപുരം |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും സ്ഥലംമാറ്റം/ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക്നിയമാനുസൃത യാത്രാ ബത്തയ്ക്കും പ്രവേശനകാലത്തിനും അർഹത ഉണ്ടായിരിക്കുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച ആർ.ടി.സി യഥാസമയം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

<u>പകർപ്പ് :</u>

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശുവികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

Signed by
Chithra T
Date: 22-12-2025 17:28:29

സൂപ്രണ്ട്